ശ്രീ. എം. എം. തോമസ്: കല്യാണപ്പാറത്തണ്ടിനും ചിന്നാറിനും ഇടയ്ക്കുള്ള സ്ഥലത്തു താമസിക്കുന്ന കൃഷിക്കാരുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം മണിയങ്ങാടൻ കമ്മിറ്റി ഒരു തീരുമാനവും എടുത്തിട്ടില്ല. പെരിഞ്ചാൻകുട്ടി പദ്ധതിയെപ്പറ്റി യാതൊരു തീരുമാനവും എടുക്കാത്ത പക്ഷം അവിടത്തെ കൃഷിക്കാർക്ക് പട്ടയം കൊടുക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് മെമ്മോറാണ്ടം കൊടുത്തിരുന്നു. ആ കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചു.

ശ്രീമതി കെ. ആർ. ഗൗരി: മെമ്മോറാണ്ടത്തിന്റെ കാര്യമൊന്നും ഞാൻ ഓർക്കുന്നില്ല. ഒരു സ്കീമിനുവേണ്ടി എടുത്ത സ്ഥലത്തു താമസിക്കുന്ന കൃഷിക്കാർക്കു പട്ടയം കൊടുത്താൽ ഗവൺമെന്റ് ആ ഭൂമിക്ക് മാർക്കറ്റുവില കൊടുക്കേണ്ടിവരും. എങ്കിലും സ്കീമിന്റെ കാര്യം അംഗീകരിച്ച് അവസാനമായി നടപ്പിലാകുമെന്നു പറയാതെ ആ സ്ഥലത്തെ സംബന്ധിച്ച് അവസാന തീരുമാനമെടുക്കാൻ പറ്റുകയില്ല.

ശ്രീ. കെ. എം. ജോർജ്ജ്: മുമ്പു ചോദിച്ചപ്പോൾ മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ട് സമയമുണ്ടാക്കി ചർച്ചക്കെടുക്കാമെന്നു പറഞ്ഞിരുന്നു. ഇപ്പോൾ സമയമുണ്ടാക്കി ആ റിപ്പോർട്ട് ചർച്ചക്കെടുക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ഒരിക്കൽ പറഞ്ഞ വാക്ക് പിന്നെയും ആവർത്തിക്കുന്നു, അതിന്റെ കാപ്പി കൊടുക്കാമെന്നു മാത്രമേ പറഞ്ഞിട്ടുള്ളു. സമയമുണ്ടെങ്കിൽ, കാർഷിക പരിഷ്കരണ ബില്ലും മറ്റുമൊക്കെ പാസ്സാക്കിക്കഴിഞ്ഞതിനുശേഷം സമയമുണ്ടെങ്കിൽ രണ്ടു മണിക്കൂറോ ഒരു ദിവസമോ കൃഷിക്കാരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് ഗവൺമെന്റിന് വിരോധമില്ല.

கவர்மென்றுக்குச் சொந்தமான கம்பெனிகளில் லேபர்வெல்பயர் ஆபீஸர்கள்

**254. [909] ஸ்ரீ. என் கணபதி: கீழ் காணும் விஞ்க்களுக்கு இன்டஸ்டிறீஸ் மந்திரி அவர்கள் விடை பகர்வார்களாக:*

(எ) கவர்மென்றுக்குச் சொந்தமான கம்பெனிகளில், தொழிலாளர்களின் மனநிலையை ஆய்ந்து அவர்களுக்கு நல்லுபதேசம் நல்கி உற்பத்தியைப் பெருக்குவதற்காக, ஒவ்வொரு கம்பெனிகளிலும் மாஸ்டர் ஆப் சோஷியாலஜி, மாஸ்டர் ஆப் சோஷியல் வெல்பயர் ஆகிய பட்டங்கள் பெற்றவர்களை லேபர் வெல்பெயர் ஆபீஸர்களாக நியமிப்பது பற்றி அரசாங்கம் தீவிர பரிசீலனை செய்தது முடிவுற்றதா;

(பி) என்ன முடிவெடுக்கப்பட்டது என்று கூறலாமா;

(ஸி) இன்டஸ்டிறீஸ் டிப்பார்ட்மென்றில் கோவாப்பரேட்டிவ் சொசைட்டிகளிலும் மற்றும் இத்தகைய பட்டங்கள் பெற்றவர்கள் இருந்தால் அவர்களுக்கு பதவி உயர்வு கொடுத்து இந்தப் பதவிகளில் அமர்த்த அரசாங்கம் ஆவன செய்யுமா?

Industries Minister **(Shri T. V. Thomas):**

(A, b and c) There is a proposal under the consideration of Government for appointing Labour Officers in the Government-owned Companies. No decision has been taken in the matter finally.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കണപതി: സർ, അൻസ്റ്റാർറ്റു കേൾവി നമ്പ. 1111-ക്കു 21-3-1969-ൽ അമൈച്ചർ അവർകൾ വിടൈ നൽകിയപോതു ഇന്ത കവർമെൻറ്റുക്കു സൊന്തമാന കമ്പെനികളിൽ വെൽപയർ ആപീസർകൾ കാലിയിടം ഉൺറു എൻറും അവൈകൾ നിരപ്പപ്പടുമ് എൻറും കൂറിയതു ഉൺമൈയാ?

തിരു. ടി. വി. താമസ്: പാർക്കലാം.

ശ്രീ. എൻ. കണപതി: സർ, ആകട്ടുമ് പാർക്കലാം എൻറു സൊൻനാൽ പോതാതു. കോവാപ്പരേറ്റിവ് ഇൻസ്പെക്ടർകൾ വിഷയത്തിൽ അതാവതു എമ്. എസ്. ടപ്ലിയു. പാസാനവർകളുക്കാവതു അപ്പായിൻറ്റ്മെൻറ്റ് ഉടനടി നടത്തപ്പടുമാ?

ശ്രീ. ടി. വി. തോമസ്: 1970-നു ശേഷമേ അതു വരുന്നുള്ളു.

ശ്രീ. എൻ. കണപതി: സർ, ഏർണി 1970-ൽ പില്ലപ് ചെയ്യവേണ്ടിയതു ഇതുവരൈയുമ് ചെയ്യവില്ലൈ എൻപതാൽ കുവാപ്പരേറ്റിവ് ഇൻസ്പെക്ടർകളുടൈയ കാരിയത്തിലാവതു ഉടനടി ഇന്ത മാതമേ അപ്പായിൻറ്റ്മെൻറ്റ് നടത്ത ഏർപാടു ചെയ്യപ്പടുമാ?

ഡെപ്യൂട്ടി സ്പീക്കർ: അതു 1970-നു ശേഷമേ വരുന്നുള്ളു എന്നു പറഞ്ഞുവല്ലോ.

ശ്രീ. എ. വി. ആര്യൻ: തമിഴിലുള്ള ചോദ്യങ്ങൾക്കു ഇംഗ്ലീഷു തർജ്ജിമ ചെയ്യുന്നതു നിറുത്തി മലയാളത്തിലാക്കിയാൽ കൊള്ളാം.

പഞ്ചായത്തുകളുടെ പുനർവിഭജനം

* 255 [910] ശ്രീ കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്തുകളെ, കാര്യക്ഷമമായ പ്രവർത്തന സൗകര്യം പരിഗണിച്ചു, വിപുലപ്പെടുത്തി പുനർവിഭജനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണനിയമത്തിൻെറ നിർവ്വഹണത്തിനു ഈ നടപടി ആവശ്യമാണെന്നു ഗവൺമെൻറ് കരുതുന്നുണ്ടോ?

വിദ്യാഭ്യാസ മന്ത്രി ശ്രീ. സി. എച്ചു. മുഹമ്മദുകോയ:

(എ) ഇല്ല.

(ബി) ഇല്ല.

റൂറൽ ഇൻഡസ്ട്രീസു പ്രോജക്റ്റുകൾ

* 256 [911] ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂറൽ ഇൻഡസ്ട്രീസു പ്രോജക്റ്റുകൾക്കുവേണ്ടി നടപ്പു വർഷത്തിൽ കേന്ദ്രഗവൺമെൻറ് അനുവദിച്ച തുക എത്ര;

(ബി) പ്രോജക്റ്റിൻെറ കീഴിൽ ആരംഭിച്ച പല വ്യവസായസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly